# കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണവകുപ്പ് - കോട്ടക്കൽ നഗരസഭ-രണ്ട് വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ)നം.3363/12/തസ്വഭവ തിരുവനന്തപുരം, തീയതി.05.12. 2012

---

പരാമർശം:-(1)കോട്ടക്കൽ നഗരസഭാ ചെയർപേഴ്സന്റെ കത്ത്.

(2) കോട്ടക്കൽ നഗരസഭാ കൗൺസിലിന്റെ 29.3.12 ലെ 19-ാം നമ്പർ തീരുമാനം

(3) 6.9.12-ലെ സ.ഉ(സാധാ)നം.2528/12/തസ്വഭവ നമ്പർ ഉത്തരവ്.

കോട്ടക്കൽ നഗരസഭയുടെ ഔദ്യോഗികാവശ്യങ്ങൾക്കായി നിലവിലുള്ള വാഹനങ്ങൾക്കു പുറമെ **Mahindra Xylo, Bolero** എന്നീ രണ്ടു വാഹനങ്ങൾ കൂടി നഗരസഭയുടെ തനത് ഫണ്ട് വിനിയോഗിച്ച് വാങ്ങുന്നതിന് പരാമർശം (2) പ്രകാരം കോട്ടക്കൽ നഗരസഭാ കൗൺസിൽ തീരുമാനിക്കുകയും വാഹനങ്ങൾ വാങ്ങുന്നതിനുള്ള അനുമതിക്കായി പരാമർശം (1) പ്രകാരം നഗരസഭാ ചെയർപേഴ്സൺ സർക്കാരിനോട് അപേക്ഷിക്കുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോട്ടക്കൽ നഗരസഭയുടെ അനിവാര്യ ഓഫീസ് ആവശ്യങ്ങൾക്കും പദ്ധതി നിർവഹണപ്രവർത്തനങ്ങൾക്കുമായി **Mahindra Xylo, Bolero** എന്നീ വാഹനങ്ങൾ നഗരസഭയുടെ തനതു ഫണ്ട് വിനിയോഗിച്ച് പരാമർശം (3) ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കു വിധേയമായും നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചും വാങ്ങുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ടി.ജെ.മാത്യൂ
സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.ഇ/ആഡിറ്റ്)കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (**LBA&A**), തിരുവനന്തപുരം
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കോട്ടയ്ക്കൽ നഗരസഭ, മലപ്പുറം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ